LIBRARY ARCHIVES Kerala Legislative Assembly

കോളേജുകളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി

95 (4483) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ-എയ്ഡഡ് കോളേജുകളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ കോളജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബിയുടെ സഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുകയാണ്. സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കോളേജിന്റെ സമഗ്രവികസനവുമായി ബന്ധപ്പെട്ട് 16-6-2017-ലെ G.O(MS)1131/2017/H.Edn. പ്രകാരം 48 സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകൾക്ക് 8.5 കോടി രൂപ വീതവും 5 പൈതൃക കോളേജുകൾക്ക് 30 കോടി രൂപ വീതവും 12 പുതിയ കോളേജുകൾക്ക് 10 കോടി രൂപ വീതവും ഉത്തരവ് നൽകിയിട്ടുണ്ട്. ഇതിനായി കോളേജുകളുടെ മാസ്റ്റർ പ്ലാൻ/ഡി.പി.ആർ. തയ്യാറാക്കാൻ KITCO (ടെക്നിക്കൽ ടീം)-യെ നിയമിക്കുകയും ടീം തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ കോളേജ് തലത്തിൽ അംഗീകരിച്ച് സമർപ്പിക്കുകയും KIIFB-യിലേക്ക് നൽകുന്നതിനുള്ള ഭരണാനുമതി KITCO-യ്ക്ക് നൽകുകയും അംഗീകരിച്ച മാസ്റ്റർ പ്ലാൻ/ഡി.പി.ആർ. KIIFB അവലോകനം നടത്തി 36 കോളേജുകൾക്ക് 260.77 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളുള്ള കോളേജുകൾക്ക് പുതിയ കോഴ്സുകളും അധിക ബാച്ചുകളും അനുവദിക്കുന്നത് പരിഗണിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സർക്കാർ-എയ്ഡഡ് കോളേജുകളിൽ നൂതന കോഴ്സുകൾ ആരംഭിക്കുന്നതിനായി 5-11-2020-ലെ G.O(Ms)389/2020/HEDN, 11-12-2020-ലെ G.O(Ms) 431/2020/HEDN, 30-12-2020-ലെ G.O.(Ms) 473/2020/HEDN എന്നീ ഉത്തരവുകൾ പ്രകാരം പുതിയ കോഴ്സുകൾ അനുവദിച്ച് നൽകിയിട്ടുണ്ട്.

സർക്കാർ-എയ്ഡഡ് മേഖലയിൽ പുതിയ കോളേജുകൾ

96 (4484) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-16 കാലഘട്ടത്തിൽ കോളേജുകൾ ഇല്ലാത്ത മണ്ഡലങ്ങളിൽ സർക്കാർ-എയ്ഡഡ് മേഖലയിൽ പുതിയ കോളേജുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ എവിടെയെല്ലാം കോളേജുകൾ ആരംഭിച്ചിട്ടുണ്ട്?